കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ സന്ദേശം



S. SURENDRAN IPS DIG & COMMISSIONER OF POLICE KOCHI CITY

സമൂഹത്തിന്റെ എല്ലാ തലങ്ങളിലും സോഷ്യൽ മീഡിയ അതിന്റെ പ്രാധാന്യം തെളിയിച്ചിരിക്കുകയാണ്. വ്യക്തി ബന്ധങ്ങളിലും, സാമൂഹ്യ പ്രവർത്തനങ്ങളിലും, ബിസിനസ് രംഗത്തും സ്ഥാപനങ്ങളുടെ വളർച്ചയിലും സാമൂഹ്യമാധ്യമങ്ങളുടെ പങ്ക് നിർണായകമായി കഴിഞ്ഞു. പൊതുജനവുമായി വേഗത്തിലും എളുപ്പത്തിലും സംവദിക്കാവുന്ന മാദ്ധ്യമായി സോഷ്യൽ മീഡിയ മാറിക്കഴിഞ്ഞു. ജനങ്ങളുമായി അടുത്ത് നിൽക്കുന്ന ഏജൻസി എന്ന നിലയിൽ പോലീസ് ഡിപ്പാർട്മെന്റിന് ഈ സാഹചര്യം വളരെയധികം പ്രയോജനപ്പെടുത്താവുന്നതാണ്. പോലീസുമായി നേരിട്ട് ബന്ധപെടാതെയും പോലീസ് സ്റ്റേഷനിൽ പോകാതെയും പോലീസ് സേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ സമസ്ത മേഖലയിലുമുള്ള ജനങ്ങൾക്കിടയിലേക്കും എത്തുമ്പോൾ തന്നെ പോലീസ് - പൊതുജന ബന്ധം ദൃഢപ്പെടുകയും സൗഹാർദ്ദപരമായ ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.പലപ്പോഴും പോലീസ് തങ്ങളുടെ ജോലി കൃത്യമായി നിർവഹിക്കുന്നുണ്ട് എങ്കിലും ശരിയായ രീതിയിൽ പൊതുജനങ്ങളിലേക്കു എത്താതെ വരുന്നതുമൂലം, പോലീസിന് കടുത്ത വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടതായി വരുന്നു. മെട്രോ നഗരമായ കൊച്ചിയിൽ പോലീസ് - പൊതുജനബന്ധം വളരെ നല്ലരീതിയിലാണുള്ളത്. ഈ ബന്ധത്തിന് കൂടുതൽ സുതാര്യതയും സ്ഥിരതയും കൈവരുത്തുന്നതിനായി കൊച്ചി സിറ്റി പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജായ https://www.facebook.com/kochicitypolice/ -ൽ അംഗങ്ങളായി ഈ ഉദ്യമത്തിൽ പോലീസിനൊപ്പം കൈകോർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൊച്ചി സിറ്റി പോലീസ് പുതിയതായി നടപ്പാക്കിയ ഓപ്പറേഷൻ കിംഗ് കോബ്രയുടെ ഭാഗമായി കുറ്റവാളികളെ ഉടനടി നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനായി പൊതുജനങ്ങൾക്ക് "Connect to Commissioner" എന്ന സംവിധാന പ്രകാരം "9497915555" എന്ന നമ്പറിൽ പോലീസ് കമ്മീഷണറെ നേരിട്ടും ബന്ധപ്പെടാവുന്നതാണ്.